**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 956** **29-06-2026-ൽ മറുപടിയ്ക്ക്**

# <u>ആലുക്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കുന്നംകുളം മണ്ഡലത്തിലെ വേലൂർ-എരുമപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആലുക്കൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ കുന്നംകുളം മണ്ഡലത്തിലെ വേലൂർ എരുമപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആലുക്കൽ പാലം നിർമ്മാണ ഘട്ടത്തിലാണ്. നിലവിൽ പൈൽ, പൈൽക്യാപ്പ്, പിയർ, പിയർക്യാപ്പ് എന്നീ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. സ്ലാബ് കാസ്റ്റിംഗിനായിട്ടുള്ള റീ എൻഫോഴ്സ്മെന്റ് പ്രവൃത്തികൾ വരെ പൂർത്തീകരിച്ചിട്ടുണ്ട്. മൺസൂൺ ശക്തമായതിനാൽ പ്രവൃത്തി ചെയ്യുന്നതിന് തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടാവുകയും, ആയത് പരിഹരിച്ച് പ്രവൃത്തി തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്

**(ബി)** പ്രസ്തുത നിർമ്മാണം പൂർത്തിയാക്കി പാലം എന്നത്തേക്ക് തുറന്ന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഈ പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി 30.01.2027 വരെ ആണ്. പ്രസ്തുത തീയതിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ച് പാലം തുറന്നു നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്

**സെക്ഷൻ ഓഫീസർ**